(ഡി&ഇ) കരിമ്പിൻകാവ് പ്രദേശത്തെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2014 പ്രകാരം, ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിച്ചാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമ്പത്തികാനുമതിനൽകി പ്രവൃത്തി നടപ്പാക്കാവുന്നതാണ്.

എടവണ്ണ റെഗുലേറ്റർ-കം-ബ്രിഡ്ജ്

145 (4948) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ പള്ളപ്പാറ പന്നിമുക്ക് എന്ന സ്ഥലത്ത് ചാലിയാറിന് കുറുകെ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇല്ലെങ്കിൽ ഭരണാനുമതി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ ഐ.ഡി.ആർ.ബി. ഡിസൈൻ പ്രകാരമുള്ള സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ മെക്കാനിക്കൽ പ്രവൃത്തികളുടെ ഡിസൈനും എസ്റ്റിമേറ്റും കിട്ടേണ്ടതുണ്ട്. ആയത് മെക്കാനിക്കൽ ചീഫ് എഞ്ചിനീയറിൽനിന്ന് ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കടലാക്രമണ ഭീഷണി

146 (4949) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ കടലാക്രമണ ഭീഷണി നേരിടുന്ന വലിയ പറമ്പ് ബീച്ച് പഞ്ചായത്തിൽ കരകെട്ടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

874/2017.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ് പഞ്ചായത്തിൽ രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി പ്രധാന കടൽത്തീരങ്ങൾ ഉൾപ്പെടുത്തി 4755 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.

വെണ്ടോട്ട് മയിച്ചയിൽ വി.സി.ബി.-കം-ബ്രിഡ്ജിന്റെ നിർമ്മാണം.

147 (4950) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ വെണ്ടോട്ട്- മയിച്ചയിൽ നിർമ്മിക്കുന്ന വി. സി.ബി.-കം-ബ്രിഡ്ജിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ പ്രവൃത്തി ജലസേചന വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ഇതിന്റെ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് കാസർകോഡ് ജില്ലാ പഞ്ചായത്താണ്.

തൃക്കരിപ്പൂർ പഞ്ചായത്തിലെ പാടിയിൽ പുഴയ്ക്കുകുറുകെയുള്ള തടയണ നിർമ്മാണം.

148 (4951) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തിലെ പാടിയിൽ പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

തൃക്കരിപ്പൂർ പഞ്ചായത്തിലെ പാടിയിൽ പുഴയ്ക്കുകുറുകെ തടയണ നിർമ്മിക്കാനുദ്ദേശിച്ച പ്രദേശത്തിന് 2 കി.മീ. മുകളിലായി ഉപ്പുവെള്ള പ്രതിരോധ അണക്കെട്ട് നിലവിലുള്ളതിനാൽ പ്രസ്തുത സ്ഥലത്ത് ടാകൂർ വേ നിർമ്മാണത്തിനുള്ള രൂപകൽപന അംഗീകാരത്തിനായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly